**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1520** **07-02-2023 - ൽ മറുപടിയ്ക്ക്**

**പള്ളിച്ചൽ ചട്ടമ്പി സ്മാരക നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പള്ളിച്ചൽ പഞ്ചായത്തിൽ ചട്ടമ്പി സ്മാരക നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്തായെന്നും തുടർ നടപടി എന്താണെന്നും വിശദമാക്കാമോ? | (എ) | ചട്ടമ്പിസ്വാമികളുടെ മാതൃഭവനവും സ്ഥലവും സ്മാരകമാക്കി സംരക്ഷിക്കുന്നതിനായി നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ 13.62 ആർ ഭൂമി ഏറ്റെടുക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2013-ലെ LARR Act പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളതും, പ്രാഥമിക വിജ്ഞാപനം (11(1) വിജ്ഞാപനം) 12.09.2022-ന് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. LARR Act സെക്ഷൻ 15(3) പ്രകാരം ഭൂമിയേറ്റെടുക്കൽ നടപടി തുടരുന്നതിന് അനുമതി നൽകി 30.11.2022-ന് സമുചിത സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ന്യായവില അടിസ്ഥാനമാക്കി തയ്യാറാക്കിയ 33 ലക്ഷം രൂപ എൽ.എ കോസ്റ്റ് ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിക്ക് കത്ത് നൽകിയിരുന്നതും ആയതിൽ പതിനഞ്ച് ലക്ഷം രൂപ 24.01.2023 ൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വിശദവിലവിവര പട്ടിക തയ്യാറാക്കേണ്ടതും അപ്രകാരം തിട്ടപ്പെടുത്തിയ മുഴുവൻ ഫണ്ടും അർത്ഥനാധികാരി ലഭ്യമാക്കുന്ന മുറയ്ക്ക് RFCTLARR Act, 2013 പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് ഭൂമി കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ